# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

## ബീവറേജസ് കോർപ്പറേഷനിലെ സുരക്ഷാ ജീവനക്കാർ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2830 | 17.06.2019-ൽ മറുപടിയ്ക്ക്

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങളിൽ സുരക്ഷാ ചുമതലയ്ക്കായി സ്വകാര്യ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പുറം ജോലിക്കായി നിയമിച്ചിട്ടുള്ള സുരക്ഷാ ജീവനക്കാരെ കടയ്ക്കുള്ളിലെ ജോലികൾക്കായി നിയോഗിക്കാറുണ്ടോ; | (ബി) ഇല്ല. |
| (സി) ഇങ്ങനെ സുരക്ഷാ ജീവനക്കാരെ കടയ്ക്കുള്ളിലെ ജോലികൾക്കായി നിയമിക്കുന്നത് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29.04.2019-ൽ കെ.എസ്.ബി.സിയുടെ 48 എഫ്.എൽ.01 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധകൾ നടത്തിയിരുന്നു . ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) സുരക്ഷാ ജീവനക്കാരെ ഇത്തരം ജോലികൾക്ക് നിയമിക്കുമ്പോൾ ഉണ്ടാകുന്ന ബാധ്യതകളുടെ ഉത്തരവാദിത്തം ആർക്കാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) സെക്യൂരിറ്റി ജീവനക്കാരെ യാതൊരു കാരണവശാലും എഫ്.എൽ.01 ചില്ലറ വില്പനശാലകൾക്കുള്ളിലെ പ്രവൃത്തികൾക്കായി നിയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന ബാധ്യതയ്ക്ക് ബന്ധപ്പെട്ട ചില്ലറ വില്പന ശാലകളിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്. |

Santhosh

സെക്ഷൻ ഓഫീസർ